"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി 2104 15 - ഇടുക്കി നിയോജക മണ്ഡലം - കട്ടപ്പനയിലെ മറ്റപ്പള്ളി പേരപ്പൻ സ്മാരക ഓപ്പൺ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

G.O.(Rt)No.450/2021/LSGD തീയതി, തിരുവനന്തപുരം, 16/02/2021

---

പരാമർശം:- 1 29.01.2015 ലെ സ.ഉ.(സാധാ) നമ്പർ 277/2015/തസ്വഭവ.

2 ഇടുക്കി എംഎൽഎ ശ്രീ റോഷി അഗസ്റ്റിൻ അവർകളുടെ 16/12/2020-ലെ 606/ആർഎ/ജെൻ/20 നമ്പർ കത്ത്.

3 കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസറുടെ 30/10/2020-ലെ ടെക്/09/14/ആർഎൻകെയു നമ്പർ കത്ത്.

4 12/02/2021 ലെ സ. ഉ. (സാധാ) നം.1243/2021/ധന.

ഉത്തരവ്

പരാമർശം (1) പ്രകാരം പ്രകാരം ഇടുക്കി എംഎൽഎ ശ്രീ റോഷി അഗസ്റ്റിൻ അവർകളുടെ 2014- 15 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പനയിലെ മറ്റപ്പള്ളി പേരപ്പൻ സ്മാരക ഓപ്പൺ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിക്ക് 31,53,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിനാണ് പദ്ധതി നിർവ്വഹണ ചുമതല നൽകിയിരുന്നത്.

എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ നിലനിന്നിരുന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ലെന്നും നിലവിലുള്ള ഭരണാനുമതി കാലാവധി മൂന്നു വർഷം പൂർത്തീകരിച്ചതിനാൽ ഭരണാനുമതി പുതുക്കി നൽകണമെന്നും ബഹു: എം.എൽ.എ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി നിലവിൽ ആരംഭിക്കാൻ സാധിക്കുന്ന സാഹചര്യമാണെന്നും അതിർത്തി തർക്കവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ചിട്ടുള്ളതിനാൽ ഭരണാനുമതി പുതുക്കി നൽകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ചീഫ് ടെക്നിക്കൽ ഓഫീസർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനമതി പുതുക്കി നൽകുന്നതിന് പരാമർശം (4) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ഇടുക്കി എംഎൽഎ ശ്രീ റോഷി അഗസ്റ്റിൻ അവർകളുടെ 2014- 15 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കട്ടപ്പനയിലെ മറ്റപ്പള്ളി പേരപ്പൻ സ്മാരക ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണ പ്രവൃത്തിക്ക് നല്കിയിരുന്ന 31,53,000/- രൂപയുടെ ഭരണാനുമതി പുതുക്കി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
U V JOSE IAS
SPECIAL SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (എ&ഇ, ആഡിറ്റ്, എൽബിഎ &എ) തിരുവനന്തപുരം

സെക്രട്ടറി, കട്ടപ്പന നഗരസഭ

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ